"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, തെങ്കര യുണിറ്റി എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. റജീന. കെ റ്റി ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 29571/2017 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 16.07.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2174/2022/GEDN തീയതി,തിരുവനന്തപുരം, 01-04-2022

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ 16.07.2021-ലെ W.P.(C) No. 29571/2017 മേലുള്ള വിധിന്യായം.
2. മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/01/2022, 17/12/2022 തീയതികളിലെ സി/2188/22 നമ്പർ കത്തുകൾ.
3. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 05/01/2022, തീയതിയിലെ ബി 2/15163/21 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, തെങ്കര യുണിറ്റി എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. റജീന. കെ റ്റി ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 29571/2017 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായത്തിൽ Ext. P6 സർക്കാർ ഉത്തരവ് റദ്ദാക്കുകയും 15/07/2010 മുതൽ പ്രാബല്യത്തിൽ മാനേജർ ഹർജിക്കാരിയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതിനാൽ ഹർജിക്കാരിയുടെ ആവശ്യം ടിയാളെയും സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 7.1.2022-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു.

" സ.ഉ. നം. (ആർ.ടി) 1374/2017/പൊ.വി.വ തീയതി 10/05/2017 നെ റദ്ദ് ചെയ്യുകയും, എന്റെ ഹർജിയിലെ ആവശ്യങ്ങൾ പൂർണ്ണമായി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്റെ ഹർജിയിലെ പ്രധാന ആവശ്യം 15/07/2010 മുതൽ 30/11/2011 വരെയും 15/07/2014 മുതൽ 05/06/2015 വരെയുള്ള 2 ഖണ്ഡം സർവ്വീസുകൾ അംഗീകരിച്ച് നൽകണമെന്നതാണ്.

എന്റെ സേവനകാലം 17/07/2000 മുതൽ ആരംഭിച്ചു. ഈ നിയമനം അംഗീകരിക്കപ്പെടുകയും ചെയ്തു. നീണ്ട 10 വർഷം അംഗീകൃത സർവ്വീസുള്ള എനിക്ക് 2010-11 ൽ തസ്തിക നഷ്ടം സംഭവിച്ചപ്പോൾ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 (എ) യിലെ റൂൾ 51 എ പ്രകാരം അനിത.പി.ജയപ്രകാശൻ എന്ന യു.പി.എസ്.എ ദീർഘകാല അവധി എടുത്തപ്പോൾ ഉണ്ടായ 01/03/2004 മുതൽ 28/02/2019 വരെയുള്ള അവധി ഒഴിവിൽ (പിന്നീട് രാജിവെച്ചപ്പോൾ

01/03/2004 മുതൽ സ്ഥിരം ഒഴിവ് ഉണ്ടായി) 15/07/2010 മുതൽ മാറ്റി നിയമിച്ചു. പുനർ നിയമനത്തിനുള്ള എന്റെ റൂൾ 51 എ അവകാശത്തിന്റെ അടിസ്ഥാനത്തിൽ 15/07/2010 മുതൽ തുടർച്ചയായി ലഭ്യമായ ഈ ഒഴിവിൽ അബ്സോർബ് ചെയ്യപ്പെടേണ്ട ആളാണ് ഞാൻ.

| | | | |
|---|---|---|---|
| 5/07/2010 | 30/11/2011 | യു.പി.എസ്.എ/എൽ.എസ് | അംഗീകരിച്ചിട്ടില്ല |
| 01/12/2011 | 14/07/2014 | യു.പി.എസ്.എ/എൽ.എസ് | അംഗീകരിച്ചു |
| 15/07/2014 | 05/06/2015 | യു.പി.എസ്.എ/എൽ.എസ് | അംഗീകരിച്ചിട്ടില്ല |

ശ്രീമതി. അനിത.പി.ജയപ്രകാശൻ യു.പി.എസ്.ടിയുടെ 01/03/2004 മുതൽ 28/02/2019 വരെ കേരള സർവ്വീസ് നിയമം അപ്പൻഡിക്സ് 12 സി പ്രകാരം ദീർഘകാല അവധി എടുത്തിരുന്നു. പിന്നീട് ഇവർ 2019 ൽ രാജി വെയ്ക്കുകയും ചെയ്തു. ദീർഘകാല അവധിയിൽ നിന്നുകൊണ്ട് രാജിവെയ്ക്കുവാൻ നിയമം അനുവദിക്കുന്നില്ല. ആയതുകൊണ്ട് 2019 ൽ ഇവർ സമർപ്പിച്ച രാജിയ്ക്ക് അവർ ലീവിൽ പ്രവേശിച്ച് 1/03/2004 മുതൽ മുൻകാല പ്രാബല്യമുണ്ടാകും അങ്ങിനെ വരുമ്പോൾ 01/03/2004 മുതൽ ശ്രീമതി. അനിത.പി.ജയപ്രകാശ് യു.പി.എസ്.ടി യുടെ രാജി മൂലം ഉണ്ടായ വാക്കൻസി ആണ് ഫലത്തിൽ ലഭ്യമാകുക. ഇത് ഒരു സബ്സ്റ്റാൻഡീവ്/സ്ഥിരം ഒഴിവ് എന്ന ഗണത്തിൽ പെടുന്നതാകയാൽ ഈ വ്യവസ്ഥാപിത ഒഴിവിലേക്ക് 15/02/2010 മുതൽ അബ്സോർബ് ചെയ്യപ്പെടാൻ എന്റെ റൂൾ 51 എ നിയമാവകാശം പര്യാപ്തമാണ്. ഇവരുടെ യു.പി.എസ്.ടി തസ്തികയിൽ നിന്നുള്ള രാജി 01/03/2004 മുതൽ മുൻകാല പ്രാബല്യത്തോടെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/3468/19 തീയതി 30/08/2019 ലെ ഉത്തരവ് പ്രകാരം അംഗീകരിച്ചതുമാണ്.

ജി.ഒ (പി) നം. 275/1999/പൊ.വി.വ തീയതി 09/11/1999 ലെ സർക്കാർ ഉത്തരവിൽ അവധി ഒഴിവിൽ നിയമിക്കപ്പെട്ടവർക്കുപോലും സ്ഥിരം ഒഴിവ് ലഭ്യമാകുന്ന മുറക്ക് അവരെ അബ്സോർബ് ചെയ്ത് നിയമനം ക്രമീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 10 വർഷത്തെ അംഗീകൃത സേവനകാലമുള്ള എനിക്ക് 2010-11 ൽ തസ്തിക നഷ്ടം സംഭവിക്കുമ്പോൾ 01/03/2004 മുതൽക്ക് ലഭ്യമായ രാജി ഒഴിവിൽ 15/07/2016 മുതൽക്ക് അബ്സോർബ് ചെയ്യപ്പെടാൻ എല്ലാവിധ അവകാശവും ഉണ്ട്. സ.ഉ (സാധാ) നം. 1374/2017/പൊ.വി.വ തിയതി 16/05/2017 ഉത്തരവ് ഹൈക്കോടതി റദ്ദുചെയ്തതാണ്. ഈ ഉത്തരവിലെ 4 ഖണ്ഡികയിൽ സർക്കാർ കണ്ടെത്തിയ പ്രധാനപ്പെട്ട 2 തടസ്സവാദങ്ങൾ ചുവടെ ചേർക്കുന്നു.

1. 15/07/2016 മുതൽ 30/11/2011 വരെയുള്ള നിയമന ഉത്തരവ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചത് 23/01/2013 എന്ന തിയതി വെച്ചിട്ടാണ്. ആയതിനാൽ മുൻകാല പ്രാബല്യത്തോടെ അവധി ഒഴിവിൽ നിയമിക്കാനാവില്ല.
2. സീനിയറായ 4 പേർ 1:40 റേഷ്യോയിൽ നിലനിർത്തിയിരിക്കുന്നതിനാൽ അവധി ഒഴിവിൽ റജീനയുടെ 15/7/2010 മുതൽക്കുള്ള നിയമനം എ.ഇ.ഒ അംഗീകരിച്ചിട്ടില്ല (ജി1/43912/15 ഡി.പി.ഐ തീയതി 09/10/2015)

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ജി1/40000/12-ാം നമ്പരായി 02/03/2013 ലെ കത്തിലെ നിർദ്ദേശ പ്രകാരം എന്റെ 18/07/2010 മുതൽക്ക് 30/11/2011 വരെയുള്ള നിയമന അപേക്ഷ (എ.ഇ.ഒ വിൽ ആദ്യം സമർപ്പിച്ചതാണെങ്കിലും) ഫയൽ ലഭ്യമല്ലായെന്ന സ്ഥിതിയിൽ വീണ്ടും സമർപ്പിക്കുവാൻ മാനേജരോട് ആവശ്യപ്പെടുകയായിരുന്നു. ആയതുകൊണ്ട് ഈ

സമർപ്പണത്തിന് ആധികാരികതയുണ്ട്. ബോധപൂർവ്വം മുൻകാല തീയതിവെച്ച് സമർപ്പിച്ചതല്ല മാനേജരുടെ ചെറിയ സാങ്കേതിക പിഴവുകൾ എന്റെ പുനർ നിർണ്ണയ അവകാശത്തിന് വിലങ്ങു തടിയല്ല.

2-ാമത്തെ തടസ്സവാദം സീനിയറായ 4 പേർ 1:40 അനുപാതത്തിൽ നിർത്തിയിരിക്കുന്നു എന്നതാണ്.

അനിത.പി.ജയപ്രകാശ് യു.പി.എസ്.എ 01/03/2004 മുതൽക്ക് രാജിവെക്കുകയും ആയത് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സി/3468/2019 തിയതി 30/08/2019 ഉത്തരവ് പ്രകാരം അംഗീകരിക്കുക വഴി 01/03/2004 മുതൽക്ക് യു.പി.എസ്.എയുടെ സബ്സ്റ്റാൻഡീവ് വാക്കൻസി ലഭ്യമാകുന്നുണ്ട്. ഈ തസ്തികയിൽ ഞാൻ മാത്രമാണ് താഴെ പറയുന്ന 3 ഖണ്ഡങ്ങളായി നിയമിക്കപ്പെട്ടിരിക്കുന്നത്.

| | | |
|---|---|---|
| 15/07/2010 | 30/11/2011 | അംഗീകരിച്ചിട്ടില്ല |
| 01/12/2011 | 14/07/2014 | അംഗീകരിച്ചു |
| 15/07/2014 | 05/06/2015 | അംഗീകരിച്ചിട്ടില്ല (അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി സർവ്വീസ് ക്രമീകരിക്കാമായിരുന്നു.) |

എനിക്കവകാശപ്പെട്ട നിയമപരമായ റൂൾ 51 എ പ്രകാരമുള്ള മുൻഗണനാ നിയമന അവകാശം സംരക്ഷിക്കപ്പെട്ടിട്ടില്ല എന്ന് ബഹു. കേരള ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് എന്റെ നിയമപരമായ ആവശ്യം പൂർണ്ണമായി അനുവദിച്ചിട്ടുള്ളത്.

തുടർന്ന് ഞാൻ 06/06/2015 മുതൽ സി.ആർ.സി ആയി നിയോഗിക്കപ്പെടുകയും ചെയ്തു. 15/07/2014 മുതൽ 05/06/2015 വരെ എന്റെ ജൂനിയർ ടീച്ചർമാരെ വിവിധ ബി.ആർ.സി കളിൽ സി.ആർ.സി ആയി നിയമിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ സീനിയറായ ഞാൻ ശമ്പളമില്ലാതെ യു.പി.എസ്.ടി ആയി അംഗീകാരമില്ലാതെ തുടരുകയായിരുന്നു. ഞാൻ നിൽക്കുന്ന ഒഴിവ് സ്ഥിരം തസ്തിക ആയതിനാൽ 15/07/2014 മുതൽ 31/10/2021 വരെയുള്ള സി.ആർ.സി സേവനകാലം അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയ സേവനകാലമായി പരിഗണിക്കേണ്ടതാണ്.

എന്റെ വാദഗതികൾ മുഴുവൻ കോടതി അംഗീകരിച്ച സാഹചര്യത്തിലും ഞാൻ നിലനിന്നിരുന്ന തസ്തിക അവധി രാജിമൂലം സൃഷ്ടിക്കപ്പെട്ട സ്ഥിര സ്വഭാവമുള്ള വാക്കൻസി ആയതിനാലും റൂൾ 51 എ അവകാശി എന്ന നിലയിൽ 15/07/2010 മുതൽക്ക് എന്നെ ഈ റഗുലർ തസ്തികയിൽ അബ്സോർബ് ചെയ്ത് ഉത്തരവാകണമെന്നപേക്ഷിക്കുന്നു."

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ചുവടെ ചേർക്കുന്നു.

"ശ്രീമതി. കെ.ടി.റജീന തെങ്കര യൂണിറ്റി എ.യു.പി.സ്കൂളിൽ യു.പി.എസ്.ടി ആയി 17/07/2000 മുതൽ നിയമനാംഗീകാരത്തോടെ ജോലി ചെയ്തുവന്നിരുന്നു. 2009-10 അദ്ധ്യയന വർഷത്തിൽ 1:45 അനുപാതത്തിൽ നിലനിൽക്കുവാൻ മതിയായ കുട്ടികൾ ഇല്ലാതിരുന്നതിനാൽ 14/07/2009 ന് ശ്രീമതി.കെ.ടി.റജീന സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ടുവെങ്കിലും ഈ കാര്യാലയത്തിലെ 04/10/2011 ലെ ഡി.ഡിസ്/സി/1311/2010(1) നമ്പർ ഉത്തരവ് പ്രകാരം 2009-10 വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് 1:40 അനുപാതത്തിൽ നിലനിർത്തുകയും ചെയ്തിരുന്നു. എന്നാൽ

2010-11 വർഷത്തിൽ 1:40 അനുപാതത്തിൽ പോലും മതിയായ കുട്ടികൾ ഇല്ലാത്തതിനാൽ 15/07/2010 ന് ശ്രീമതി. കെ.ടി റജീന സേവനത്തിൽ നിന്നും പുറത്താക്കപ്പെട്ടിരുന്നു. സർക്കാർ ഉത്തരവ് (അച്ചടി) 199/2011/പൊ.വി.വ തീയതി 01/10/2011 പ്രകാരം ശ്രീമതി. കെ.ടി റജീനയെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 22/06/2012 മുതൽ എസ്.എസ്.കെ യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി നിയമിക്കുകയും 25/03/2013 വരെ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലി നോക്കുകയും ചെയ്തിരുന്നു.

തെങ്കര യൂണിറ്റി എ.യു.പി.സ്കൂളിലെ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി. അനിത.പി.ജയപ്രകാശൻ ചുവടെ കാണിച്ച കാലയളവിൽ ശൂന്യവേതനാവധി എടുക്കുകയും തുടർന്ന് പ്രസ്തുത അദ്ധ്യാപിക ജോലിയിൽ നിന്നും രാജിവെയ്ക്കുകയും പ്രസ്തുത രാജി 01/03/2004 രാവിലെ മുതൽ പ്രാബല്യത്തിൽ അംഗീകരിച്ച മാനേജരുടെ നടപടി ഈ കാര്യാലയത്തിലെ 30/08/2019 ലെ താ.തീ./സി/3468/2019 നമ്പർ ഉത്തരവ് പ്രകാരം ശരിവച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീമതി. അനിത.പി.ജയപ്രകാശന്റെ ശൂന്യവേതനാവധി കാലയളവുകൾ:-

| ക്രമ നം. | ശൂന്യവേതനാവധി കാലയളവ് | | അവധി അനുവദിച്ചതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ |
|---|---|---|---|
| | മുതൽ | വരെ | |
| 1 | 01/03/2004 | 28/02/2009 | പങ്കാളിയുമായി വിദേശത്ത് താമസിക്കുന്നതിന് 5 വർഷത്തെ ശൂന്യവേതനാവധി. സർക്കാർ ഉത്തരവ് (ആർ.ടി) നം.836/04/പൊ.വി.വ തീയ്യതി. 25/02/2004 |
| 2 | 01/03/2009 | 28/02/2014 | ശൂന്യവേതനാവധി കാലയളവ് അടുത്ത 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (ആർ.ടി) നം.12301/09/പൊ.വി.വ. തീയ്യതി 21/03/2009 |
| 3 | 01/03/2014 | 28/02/2019 | ശൂന്യവേതനാവധി കാലയളവ് അടുത്ത 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം. എസ്.സി.(2)/12020/14 തീയ്യതി 26/02/2014 |

മേൽ സൂചിപ്പിച്ച ശ്രീമതി. അനിത.പി.ജയപ്രകാശന്റെ ശൂന്യവേതനാവധി ഒഴിവിലേയ്ക്ക് ശ്രീമതി. കെ.ടി.റജീനയെ ചുവടെ കാണിച്ച കാലയളവിൽ മാനേജർ നിയമിച്ചിരുന്നു.

1. 15/07/2010 മുതൽ 30/11/2011 വരെ- നിയമനാംഗീകാര അപേക്ഷ ഈ കാര്യാലയത്തിൽ ലഭിച്ചത് 28/01/2013 നാണ്. നിയമന ഉത്തരവിലും അനുബന്ധ രേഖകളിലും ശ്രീമതി. റജീനയും മാനേജറും ഒപ്പ് വെച്ചിരിക്കുന്നത് 23/01/2013 നാണ്. മുൻകാല പ്രാബല്യത്തോടെ നിയമനം അംഗീകരിച്ച് നൽകുന്നതിന് കേരള വിദ്യാഭ്യാസ നിയമത്തിൽ വ്യവസ്ഥയില്ലാത്തതാണ്. കൂടാതെ ശ്രീമതി. കെ.ടി റജീനയേക്കാൾ സീനിയറായ 4 അദ്ധ്യാപകർ 1:40 അനുപാതത്തിൽ നിലനിൽക്കെയാണ് ശ്രീമതി. കെ.ടി.റജീനയെ അവധി ഒഴിവിൽ നിയമിച്ചിരുന്നത്. മേൽ കാരണങ്ങളാൽ പ്രസ്തുത നിയമനം നിരസിച്ച് നൽകുകയും ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടർ ശരിവെച്ചുകൊണ്ട് 9/10/2015 ലെ ജി1/43912/2015/ഡി.പി.ഐ/കെ.ഡിസ് പ്രകാരം ഉത്തരവായിരുന്നു. ആയതിനെതിരെ ശ്രീമതി. കെ.ടി റജീന ബഹു. കേരളാ ഹൈക്കോടതിയിൽ

ഫയൽ ചെയ്ത റിട്ട് ഹർജി നം. 374/2017 മേലുള്ള 05/01/2017 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അദ്ധ്യാപിക സർക്കാറിൽ സമർപ്പിച്ചിരുന്ന ഹർജിയിലെ ആവശ്യം 16/05/2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1374/2017/പൊ.വി.വ പ്രകാരം നിരസിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

2. 01/12/2011 മുതൽ 28/02/2014 വരെ- ഈ ശൂന്യവേതനാവധി കാലയളവിലെ നിയമനം ഈ കാര്യാലയത്തിലെ 20/03/2013ലെ സി/611/2012 ഉത്തരവുപ്രകാരം അംഗീകരിച്ച നൽകിയിട്ടുണ്ട്.

3. 01/03/2014 മുതൽ 28/02/2019 വരെ.- ശൂന്യവേതനാവധി ദീർഘിപ്പിച്ച ഈ കാലയളവിലേയ്ക്ക് ശ്രീമതി. കെ.ടി.റജീനയെ മാനേജർ നിയമിച്ചു. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 04/09/2014ലെ ബി3/16084/2011 നമ്പർ ഉത്തരവ് പ്രകാരം ടി നിയമനം 14/07/2014 വരെ അംഗീകരിക്കുവാനും 14/07/2014ന് ശ്രീമതി.കെ.ടി.റജീനയെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുവാനുമുള്ള ഉത്തരവിനെ തുടർന്ന് പ്രസ്തുത നിയമനം 14/07/2014 വരെ പരിമിതപ്പെടുത്തിക്കൊണ്ട് ഈ കാര്യാലയത്തിലെ ഉത്തരവ് നം.ഡി.ഡിസ്./സി/714/2014 തീയ്യതി 16/10/2014 പ്രകാരം അംഗീകരിച്ച നൽകിയിട്ടുണ്ട്. 14/07/2014 ന് ശേഷം ശ്രീമതി. കെ.ടി റജീനയെക്കാൾ സീനിയറായ അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ട സാഹചര്യത്തിൽ ടി അദ്ധ്യാപികയ്ക്ക് തെങ്കിര യൂണിറ്റി എ.യു.പി.സ്കൂളിൽ തുടരുവാൻ അംഗീകൃത തസ്തിക നിലനിൽക്കുന്നില്ല. തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15/05/2015 ലെ ബി3/2675/2015/താ.തീ നമ്പർ ഉത്തരവ് പ്രകാരം ടി അദ്ധ്യാപികയെ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി നിയമിക്കുകയും 06/06/2015 മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലിചെയ്തുവരികയും ചെയ്യുന്നു.

ശ്രീമതി. കെ.ടി.റജീനയുടെ ചുവടെ കാണിച്ചിട്ടുള്ള കാലയളവുകളിലെ നിയമനങ്ങളാണ് ഇനിയും അംഗീകരിച്ച് നൽകുവാനുള്ളത്.

15/07/2010 മുതൽ 30/11/2011 വരെ

15/07/2014 മുതൽ 05/06/2015 വരെ

മേൽ പരാമർശിച്ച കാലയളവുകളിൽ ശ്രീമതി. കെ.ടി.റജീന ഈ വിദ്യാലയത്തിൽ ജോലിചെയ്തതായി കാണുന്നു. 15/07/2010 മുതൽ 30/11/2011 വരെയുള്ള കാലയളവിൽ ശ്രീമതി. കെ.ടി റജീനയെക്കാൾ സീനിയറായ അദ്ധ്യാപകരെയെല്ലാം 1:40 അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ ഇതേ സ്കൂളിൽ തന്നെ നിലനിർത്തിയിട്ടുണ്ട്. ശ്രീമതി. കെ.ടി.റജീനയെക്കാൾ സീനിയറായ അദ്ധ്യാപകർ ആരുംതന്നെ തസ്തിക നഷ്ടംമൂലം പുറത്ത് നിൽക്കുന്നില്ല എന്നും 15/07/2014 മുതൽ 05/06/2015 വരെയുള്ള കാലയളവിൽ ശ്രീമതി. കെ.ടി.റജീനയെക്കാൾ സീനിയറായ അദ്ധ്യാപകർ പുറത്ത് പോയ സാഹചര്യത്തിൽ പ്രസ്തുത കാലയളവിലെ അവധി ഒഴിവിലെ നിയമനം പരിഗണനാർഹമല്ല എന്നും കാണുന്നു."

4. മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

"ശ്രീമതി. റജീന.കെ.ടി 17/07/2000 മുതൽ യു.പി.എസ്.ടി ആയി ജോലി ചെയ്തു വരുന്നു. 2010-11 വർഷത്തെ തസ്തിക നിർണ്ണയത്തിൽ 4 തസ്തികകൾ നഷ്ടപ്പെട്ടു. ശ്രീമതി റജീനയുടെ സീനിയറായ 4 അധ്യാപകരെ 1:40 അനുപാതത്തിൽ നിലനിർത്തി. ഈ സമയം സ്കൂളിൽ ഒരു അവധി ഒഴിവ് നിലനിന്നിരുന്നു (LWA vacancy of Smt. Anitha P Jayaprakashan from 01/03/2009 to 28/02/2014). ഈ ഒഴിവിലേക്ക് സ്വാഭാവികമായും ശ്രീമതി. റജീനയെ പരിഗണിക്കും

എന്ന നിഗമനത്തിൽ 15/07/2010 മുതൽ അവധി ഒഴിവിലേക്ക് അവരെ മാറ്റി നിയമിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചില്ല.

പിന്നീട് പാലക്കാട് ഡി.ഡി.ഇ യുടെ നിർദ്ദേശപ്രകാരം 01/12/2011 മുതൽ അവധി ഒഴിവിൽ നിയമിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചു. ഇതുപ്രകാരം 01/12/2011 മുതൽ 28/02/2014വരെയുള്ള നിയമനം എ.ഇ.ഓ അംഗീകരിച്ചു.

2014-15 വർഷം 12 തസ്തികകൾ നഷ്ടപ്പെട്ടു. ഇതിൽ 3 പേരെ 1:30/35 അനുപാതത്തിലും ഒരാളെ HTV യിലും നിലനിർത്തി. 10 പേരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിനായി ഡി.ഡി.ഇ ക്ക് റിപ്പോർട്ട് ചെയ്തു. ഇവരെ നാളുകൾക്കു ശേഷം മറ്റു സ്കൂളുകളിലേക്ക് വിന്യസിച്ചു. ഈ സമയം ശ്രീമതി.റജീനയെ നിലനിർത്തിയിരുന്ന അവധി ഒഴിവ് (LWA vacancy of Smt. Anitha P Jayaprakashan) 28/02/2019 വരെ ലഭ്യമായിരുന്നു. അതിനാൽ ശ്രീമതി. റജീനയെ ഈ ഒഴിവിൽ 28/02/2019 വരെ നിയമിച്ചു. എന്നാൽ 14/07/2014 വരെ മാത്രമേ എ.ഇ.ഓ നിയമനം അംഗീകരിച്ചുള്ളൂ.

ശ്രീമതി. അനിത.പി.ജയപ്രകാശൻ 01/03/2004 മുതൽ 31/07/2019 വരെ തുടർച്ചയായി അവധിയിലാണ്. 01/08/2019 മുതൽ രാജി വെക്കുകയും ചെയ്തു. അതിനാൽ ശ്രീമതി. റജീനക്ക് 15/07/2010 മുതൽ 30/11/2011 വരെയും 15/07/2014 മുതൽ 05/06/2015 വരെയും നിലനിൽക്കാൻ ഈ സ്കൂളിൽ തസ്തിക (LWA vacancy of Smt. Anitha P Jayaprakashan) ലഭ്യമാണ്. ശ്രീമതി. റജീന കെ.ടി 06/06/2015 മുതൽ ബി.ആർസി.യിലേക്ക് വിന്യസിക്കപ്പെട്ടതിനാൽ ഇപ്പോൾ ഈ സ്കൂളിൽ ജോലി ചെയ്യുന്നില്ലെന്ന വിവരം ബോധിപ്പിക്കുന്നു."

5. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. താനൊരു 51എ അവകാശിയാണെന്നും 1.3.2004 മുതൽ 2019 വരെ ഒരു ദീർഘകാല അവധി ഒഴിവ് ലഭ്യമാണെന്നും അതുകൊണ്ട് 2010-11-ൽ റിട്രെഞ്ചുമെൻറ്റ് വരുമ്പോൾ തനിയ്ക്ക് പ്രസ്തുത ഒഴിവിലേയ്ക്ക് ലാവണക്രമീകരണം വഴി അക്കോമൊഡേഷൻ കിട്ടേണ്ടതാണെന്നും പ്രസ്തുത നടപടിയ്ക്ക് ഫോം.27 ആവശ്യമില്ലെന്നും വിദ്യാഭ്യാസ ഓഫീസറുടെ തസ്തികനിർണ്ണയ ഉത്തരവിൽ അപ്രകാരം ക്രമീകരിച്ചുനൽകിയാൽ മതിയാകുമെന്നും ഹർജിക്കാരി വാദിച്ചു. തന്നെക്കാൾ സീനിയർ അവകാശികളില്ലെന്നും 1:40 റേഷ്യോയിൽ സീനിയർ ഉണ്ടെങ്കിൽ അവരെ മ്യൂച്ചൽ അഡ്ജസ്റ്റമെൻറ്റിലൂടെ ക്രമീകരിച്ചാൽ മതിയാകുമെന്നും ഹർജിക്കാരി ഹിയറിങ്ങിൽ അറിയിച്ചു. താൻ 10 വർഷത്തെ ഗ്രേഡ് വാങ്ങിയ വ്യക്തിയാണെന്നും ഹ്രസ്വകാല ഒഴിവുകളിൽ തന്നെ നിലനിർത്തിയും ഫോം.27 വേണമെന്നും അപ്പീൽ ഫയൽ ചെയ്തിട്ടില്ല എന്നുമുള്ള ദുർബ്ബല തടസ്സവാദങ്ങൾ നിരത്തിയും തനിയ്ക്കെതിരെ വകുപ്പ് അധികൃതർ അനീതി കാട്ടുകയാണെന്ന് ഹർജിക്കാരി കൂട്ടിച്ചേർത്തു.

മുകളിൽ പരാമർശിച്ച വിധമുള്ള വാദങ്ങൾക്ക് കൃത്യമായ റിപ്പോർട്ട് വിദ്യാഭ്യാസ ഓഫീസർ നൽകുകയോ ഹിയറിങ്ങിൽ അതുസംബന്ധമായ അന്വേഷണങ്ങൾക്ക് തൃപ്തികരമായ രീതിയിൽ വസ്തുതകൾ അവതരിപ്പിക്കുകയോ ഉണ്ടായില്ല. അതുകൊണ്ട്, ഹർജിക്കാരി അവകാശപ്പെടുന്നതുപോലെയും ബഹു: ഹൈക്കോടതി വിധിയിൽ ചൂണ്ടിക്കാട്ടിയതുപോലെയും 15.7.2010 മുതൽ മാനേജർ നിയമന ഉത്തരവ് നൽകിയിട്ടുള്ള സ്ഥിതിയ്ക്ക് മറ്റു വിധത്തിൽ

ക്രമപ്രകാരമെങ്കിൽ പ്രസ്തുത അവധി ഒഴിവിലേയ്ക്ക് ലാവണക്രമീകരണം നടത്തി റിട്രെഞ്ചുമെൻറ്റ് ഒഴിവാക്കി സർവ്വീസ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി ബഹു. ഹൈക്കോടതിയുടെ പരാമർശം 1 വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
മാനേജർ, യുണിറ്റി എ യു പി സ്കൂൾ, തെങ്കര, പാലക്കാട്.
ശ്രീമതി. റജീന. കെ റ്റി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
യുണിറ്റി എ യു പി സ്കൂൾ, തെങ്കര, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 01-04-2022 12:34:12**
സെക്ഷൻ ഓഫീസർ